# നഗരത്തിലെ ആദ്യ നീര പാർലർ തുറന്നു

കൊല്ലം ● നഗരത്തിലെ ആദ്യ നീര പാർലർ ചിന്നക്കട ബിഷപ് ജെറോം നഗറിൽ എൻ.കെ. പ്രേമചന്ദ്രൻ എംപി ഉദ്ഘാടനം ചെയ്തു. നീര ഉൽപാദകരായ കൈപ്പുഴ കോക്കനട്ട് പ്രൊഡ്യൂസർ കമ്പനി ലിമിറ്റഡ് ചെയർമാൻ ഷാജഹാൻ കാഞ്ഞിരവിളയിൽ, മാനേജിങ് ഡയറക്ടർ ജയമോഹൻ, ഡയറക്ടർമാരായ മോഹൻ കോയിപ്പുറം, മാത്യു വൈദ്യൻ, നിസാമുദ്ദീൻ എന്നിവർ സംബന്ധിച്ചു.

കുപ്പിയിലാക്കിയ 200 മില്ലി ലീറ്റർ നീരയും ഗ്ലാസിൽ ഒഴിച്ചു നൽകുന്ന 210 മില്ലിലീറ്റർ നീരയും 30 രൂപയ്ക്ക് ഇവിടെ ലഭിക്കും.

നീര കൊണ്ട് ഉൽപാദിപ്പിക്കുന്ന ചക്കര, തേൻ എന്നിവയും വിവിധയിനം ജാമുകളും ഇവിടെ ലഭിക്കും.

രാവിലെ ഒൻപതു മുതൽ വൈകിട്ട് അഞ്ചു വരെയാണു പ്രവർത്തന സമയം.




കൊല്ലം ബിഷപ് ജെറോം നഗറിൽ ആരംഭിച്ച നീര പാർലർ. ചിത്രം: മനോരമ